പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4599 — 23 .07. 2015 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബിയ്ക്ക് ദേശീയ അവാർഡ്

ചോദ്യം — ഉത്തരം

ശ്രീ. ലൂഡി ലൂയിസ്
,, കെ.ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്
,, വർക്കല കഹാർ

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മികച്ച ഊർജ്ജ സംരക്ഷണ പ്രചരണ പ്രവർത്തനങ്ങൾക്കായി വിതരണ കമ്പനികൾക്ക് നൽകുന്ന ദേശീയ അവാർഡ് ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. കരസ്ഥമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കെ.എസ്.ഇ.ബി. യുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ അവാർഡ് ലഭിക്കുന്നതിന് അർഹമാക്കിയത്; | (ബി) | അവാർഡിന് അർഹമാക്കിയ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.<br>1. വൈദ്യുതി ശൃംഖലയിൽ പ്രസരണ വിതരണ നഷ്ടം തുടർച്ചയായി കുറയ്ക്കുന്നതിനു സ്വീകരിച്ച നടപടികൾ<br>2. സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്കിടയിലും പൊതു ജനങ്ങൾക്കിടയിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.യുടെ 200-ഓളം വരുന്ന സബ്ഡിവിഷൻ ലെവൽ ഡി.എസ്.എം. സെല്ലുകൾ മുഖാന്തിരം നടപ്പിലാക്കിയത്.<br>3. വേനൽക്കാലത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് 'ലാഭപ്രഭ' എന്ന പരിപാടി കെ.എസ്.ഇ.ബി. നടപ്പിലാക്കിയത്.<br>4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സാധാരണ ബൾബുകൾക്കു പകരം താരതമ്യേന ഉപഭോഗം കുറഞ്ഞ സി.എഫ്.എൽ. ലൈറ്റുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന 'ബജത് ലാമ്പ് യോജന' എന്ന പരിപാടി കെ.എസ്.ഇ.ബി.യിൽ വിജയകരമായി നടപ്പിലാക്കിയതിന്.<br>5. ഐസ് പ്ലാന്റുകളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്. |

| | | | |
|---|---|---|---|
| | | | 6. കാർഷിക മേഖലയിൽ ഭീമമായ ഊർജ്ജ നഷ്ടം ഉണ്ടാക്കുന്ന പെട്ടിപ്പറ എന്ന പരമ്പരാഗത സംമ്പ്രദായം മാറ്റി കാര്യക്ഷമത കൂടിയ പുതിയ പമ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്. |
| (സി) | പ്രസ്തുത അവാർഡിന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കാമോ? | (സി) | 2013-14 വർഷം വൈദ്യുത വിതരണ കമ്പനികൾ കൈവരിച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലെ നേട്ടങ്ങൾ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ / പദ്ധതികൾ അവയിലെ നേട്ടങ്ങൾ ഇവയാണ് അവാർഡിന്റെ മാനദണ്ഡങ്ങൾ. |

സെക്ഷൻ ഓഫീസർ